Page 1 of 2

(എ) 2001 മേയ് മാസം 17-ാം തീയതി കേരളത്തിലെ ട്രഷറികളിലെ ക്യാഷ് ബാലൻസ് എത്രയായിരുന്നു;

(ബി) ട്രഷറികളുടെ പ്രവർത്തനം നിലയ്ക്കാതെ വെയ്സ് ആൻറ് മീൻസ് അഡ്വാൻസ് ആയി കേരളത്തിന് ഉപയോഗിക്കാവുന്ന പരമാവധി തുക എത്ര എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 169.56 കോടി രൂപ ഓവർ ഡ്രാഫ്റ്റിലായിരുന്നു.

(ബി) നോർമൽ വെയ്സ് ആൻറ് മീൻസ് അഡ്വാൻസായി 215 കോടി രൂപ വരെ ലഭിക്കും. ഇതിനുപുറമേ സ്പെഷ്യൽ വെയ്സ് ആൻറ് മീൻസ് അഡ്വാൻസായി ഇൻഡ്യാ ഗവൺമെൻറ് സെക്യൂരിറ്റിയിൻമേൽ സംസ്ഥാനത്തിനുള്ള നിക്ഷേപത്തിനാനുപാതികമായി പരിധിയില്ലാതെ തുക ലഭിക്കും. ഇങ്ങനെ സ്പെഷ്യൽ വെയ്സ് ആൻറ് മീൻസ് അഡ്വാൻസായി 10-9-2001 മുതൽ 11.66 കോടി രൂപ ലഭിക്കുന്നുണ്ട്.

വിവിധ നികുതികളുടെ കുടിശ്ശിക കണക്ക്

14 [308] ശ്രീ. വി. ഡി. സതീശൻ:
,, സി. പി. മുഹമ്മദ്:
,, തോമ്പിൽ രാമകൃഷ്ണൻ:
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വരുമ്പോൾ വിൽപ്പന നികുതി, കാർഷികാദായ നികുതി, അബ്കാരി സംബന്ധമായ നികുതി എന്നിവയിൽ എന്തു തുക വീതം കുടിശ്ശികയുണ്ടായിരുന്നു;

(ബി) ഇവയിൽ എന്തു തുക വീതം സ്റ്റേയ്ക്ക് വിധേയമായിരുന്നു;

(സി) ഓരോ കേസിലുമുള്ള സ്റ്റേ ഒരു നിർദ്ദിഷ്ട തീയതിക്ക് മുമ്പായി പരിശോധിച്ച് സ്റ്റേ ഒഴിവാക്കി പിരിഞ്ഞുകിട്ടാനുള്ള തുക അടിയന്തിരമായി പിരിച്ചെടുക്കുമോ;

(ഡി) വിൽപ്പന നികുതി സംബന്ധിച്ച തുക വ്യാപാരികൾ പൊതുജനങ്ങളിൽ നിന്നും പിരിച്ച തുകയാണോ;

(ഇ) ആണെങ്കിൽ പൊതുജനങ്ങളിൽ നിന്നും ഗവൺമെൻറിലേക്ക് അടയ്ക്കാൻവേണ്ടി പിരിച്ച തുക സ്റ്റേമൂലം വ്യാപാരികൾ കൈകാര്യം ചെയ്യുന്ന അവസ്ഥ ഉണ്ടാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വരുമ്പോൾ ഓരോ ഇനത്തിലും ഉണ്ടായിരുന്ന കുടിശ്ശികയുടെ വിവരം താഴെ ചേർക്കുന്നു:

വിൽപ്പന നികുതി	..	1384.69	കോടി
കാർഷികാദായ നികുതി	..	67.73	,,
അബ്കാരി കുടിശ്ശിക	..	188.64	,,

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്റ്റേറയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

(തുക കോടിയിൽ)

	വിൽപ്പന നികുതി	കാർഷികാദായ നികുതി	അബ്കാരി
കോടതി	55.92	7.42	
സർക്കാർ	36.40	0.06	131.48
മററ് അധികാരികൾ	13 84	4.65	

(സി) വിൽപ്പന നികുതി, കാർഷികാദായ നികുതി സംബന്ധിച്ച് അപ്പലേററ് അധികാരികൾ, ട്രൈബ്യൂണൽ, ഹൈക്കോടതി, മററു കോടതികൾ ഇവ നൽകിയിട്ടുള്ള സ്റ്റേറ നീക്കിക്കിട്ടാൻ വേണ്ടുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. അബ്കാരി സംബന്ധിച്ച് മിക്ക കേസുകളിലും സ്റ്റേറ നീക്കിക്കിട്ടാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) അതെ.

(ഇ) ഉണ്ട്.

വാഹന നികുതിയിനത്തിൽ ലഭിക്കുന്ന തുക

15 [309] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹന നികുതി ഇനത്തിൽ 2000-2001 സാമ്പത്തിക വർഷം എന്തു തുക സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ഇനത്തിൽ 31-3-2001 വരെയുള്ള കുടിശ്ശിക എത്ര ആണ്.

(സി) വാഹന നികുതിയിനത്തിൽ ലഭിക്കുന്ന തുകയുടെ ഏകദേശം 30% മാത്രമാണ് റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണത്തിന് മാററി വയ്ക്കുന്നത് എന്ന കാര്യം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വാഹനങ്ങളുടെ നികുതിയിനത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ പങ്ക് റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണത്തിനും അററകുററ പണികൾക്കുമായി മാററി വയ്ക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(ഇ) പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ കേന്ദ്രസർക്കാർ റോഡ് മെയിൻറനൻസ് എന്ന പേരിൽ അധിക നികുതി ഈടാക്കുന്നുണ്ടോ;

(എഫ്) പ്രസ്തുത നികുതിയിനത്തിൽ ആനുപാതികമായി സംസ്ഥാന സർക്കാരിന് ലഭിക്കുവാനുള്ള തുക 31-3-2001 വരെ എത്രയുണ്ടെന്നറിയിക്കാമോ;

(ജി) പ്രസ്തുത തുക കേന്ദ്രസർക്കാരിൽ നിന്നും നേടിയെടുക്കുന്നതിനും സംസ്ഥാനത്തെ പൊതുമരാമത്ത് ജോലികൾക്കായി ഉപയോഗിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly